"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെൽക്കൃഷിക്ക് നൽകുന്ന സഹായം -പാടശേഖര സമിതികൾക്ക് അനുവദിച്ച 'പെട്ടിയും പറയും' അറ്റകുറ്റപ്പണിക്ക് സഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.586/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2016-19)യുടെ 19-ാം റിപ്പോർട്ടിലെ 9 -ാം ഖണ്ഡിക ശിപാർശ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.64

**ഉത്തരവ്**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ പ്രകാരം നെൽകൃഷിക്കായുള്ള ജലസേചനത്തിന് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/പെട്ടിയും പറയും എന്നിവ 100 ശതമാനം സബ്സിഡിയോടെ പാടശേഖര സമിതികൾക്ക് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ അറ്റകുറ്റപ്പണി പാടശേഖര സമിതി നടത്തണമെന്നാണ് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നത്. ആസ്തിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് പാടശേഖര സമിതികളുടെ പങ്കാളിത്തം അനിവാര്യമായതുകൊണ്ടാണ് അറ്റക്കുറ്റപ്പണി പാടശേഖര സമിതികൾ തന്നെ നിർവഹിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിട്ടുള്ളത്.

2. പാടശേഖര സമിതിയുടെ അധീനതയിലുള്ള മോട്ടോർ തറകൾ നന്നാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തണമെന്ന് കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെൽക്കൃഷിക്ക് മറ്റു പല വിധത്തിലുള്ള ധസഹായത്തിനു പുറമെയാണ് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/പെട്ടിയും പറയും തുടങ്ങിയ പമ്പ്സെറ്റുകൾ 100 ശതമാനം സബ്സിഡിയോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്നത്. അതിനാൽ പാടശേഖര സമിതികൾ തന്നെ തുടർന്നും ഇവയുടെ അറ്റകുറ്റപ്പണി നടത്തേണ്ടതാണ്. എന്നാൽ പെട്ടിയും പറയും അറ്റകുറ്റപ്പണിക്ക് പാടശേഖര സമിതിക്ക് ഫണ്ടില്ലെങ്കിൽ മാത്രം, തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് ആകെ ചെലവിന്റെ 25

ശതമാനം ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

4. ഊർജ്ജക്ഷമത കുറഞ്ഞ പെട്ടി-പറയ്ക്ക പകരം സബ്മേഴ്സിബിൾ പമ്പ്, പോർട്ടബിൾ പമ്പ്, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് എന്നിവ പ്രോത്സാഹിക്കുന്ന സമീപനമാണ് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുകളിൽ സൂചിപ്പിച്ച ഊർജ്ജക്ഷമത കൂടുതലുള്ള ആധുനിക പമ്പുകൾ വാങ്ങി നൽകുന്നതിന് മുൻഗണന നൽകി പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഇ.പി.എ.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-03-2025 14:09:53

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്